ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഏതായാലും സമയം ചുരുക്കാനായിട്ട് ആവശ്യപ്പെടാമെന്നുള്ളതല്ലാതെ സബ്മിഷൻ അംഗീകരിച്ചതിനുശേഷം അതിവിടെ അവസാനിപ്പിക്കണമെന്നു പറഞ്ഞാൽ പറ്റില്ല.

മി. സ്പീക്കർ: 10 മുതൽ 10.30 വരെ ഗവൺമെന്റ് ബിസിനസ്സിൽ ഒരു ചെറിയ ബില്ലുണ്ട്. അതിന് സാങ്കേതിക തടസ്സം പറയരുത്. അതിനുള്ള സമയം പ്രൊവൈഡ് ചെയ്യണമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

(3) 220 കെ. വി. ലൈൻ വലിക്കുന്നതിന് മുറിച്ചുമാറ്റിയ കൃഷി അനുഭവങ്ങൾക്ക് നഷ്ടപരിഹാരം.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ 220 കെ.വി. ലൈൻ വലിച്ചതിന്റെ ഭാഗമായി ചില കൃഷിക്കാരുടെ കൈവശാവകാശത്തിലുള്ള വൃക്ഷങ്ങളൊക്കെ മുറിച്ചു മാറ്റിയിട്ട് 2 കൊല്ലമായി. അതുതന്നെ കൃഷിക്കാർക്ക് അന്ന് തടസ്സം ആയിരുന്നു. വില നിശ്ചയിക്കാതെ മരം മുറിക്കാൻ സമ്മതിക്കില്ല എന്നു പറഞ്ഞ് തർക്കമായപ്പോൾ അന്ന് കളക്ടറുടെകൂടി നിർദ്ദേശാനുസരണം ഞാനും ഇടപെട്ടിട്ടാണ് ആ മരം മുറിക്കാൻ സമ്മതിച്ചത്. രണ്ടു കൊല്ലമായിട്ടും എത്രയാണ് സംഖ്യ നിശ്ചയിച്ചത്, എന്താണതിന്റെ വില എന്നതു സംബന്ധിച്ച് യാതൊരു വിവരവും ആ കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് അതിന്റെ കാശ് അടിയന്തിരമായി കൊടുക്കണം. ഇനിമേലിൽ മരം കൊത്തുന്നതിനു മുൻപ് വില കണക്കാക്കണം, എന്നിട്ട് മരം കൊത്തണം. ഇങ്ങനെ ഒരു ഭേദഗതി വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, 220 കെ.വി. ലൈൻ വലിക്കുന്ന കാര്യം അദ്ദേഹം പറഞ്ഞ ഭാഗത്ത് നടക്കുന്നുണ്ട്. ലോകബാങ്കിന്റെ സഹായത്തോടുകൂടി ഇത്തരം ലൈനുകളുടെ പ്രവർത്തനങ്ങൾ കേരളത്തിലാകമാനം നടന്നുവരുന്നു. ഈ ലൈനുകളുടെ പ്രവർത്തനങ്ങൾക്ക് ലോകബാങ്കിന്റെ സഹായമുണ്ട്. പക്ഷേ നഷ്ടപരിഹാരത്തുക കൊടുക്കേണ്ടത് കെ.എസ്.ഇ.ബി.-യിൽ നിന്നുമാണ്. സാമ്പത്തിക ബുദ്ധിമുട്ടുകളാണ് ചില സന്ദർഭങ്ങളിൽ ഇതിന് കാലതാമസം ഉണ്ടാക്കുന്നത്. അതോടൊപ്പംതന്നെ. ഇതിന്റെ അസസ്മെന്റ് കിട്ടാനുള്ള സമയമെടുക്കുന്നുണ്ട്. തുക നിശ്ചയിക്കുന്ന കാര്യത്തിൽ കാലതാമസം എത്ര ഒഴിവാക്കാൻ വിചാരിച്ചാലും സാദ്ധ്യമല്ലാത്ത ഒരു നിലയിലേക്കുവരുന്നു, എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിയുന്നിടത്തോളം നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly